# അടിസ്ഥാന പാഠാവലി

# ജീവിതം പടർത്തുന്ന വേരുകൾ

*"സ്നേഹത്തിൽനിന്നുദിക്കുന്ന ലോകം*
*സ്നേഹത്താൽ വൃദ്ധി തേടുന്നു"*

– കുമാരനാശാൻ

*ഗോത്രങ്ങളായും കൂട്ടുകുടുംബങ്ങളായും അണുകുടുംബമായും ഒക്കെ ജീവിക്കുമ്പോഴും പരസ്പര സ്നേഹത്തി ന്റെ കണ്ണി അറ്റു പോകാതിരിക്കാൻ നമ്മുടെ മുൻ തലമുറ ശ്രമിച്ചുകൊണ്ടേയിരുന്നു. എല്ലാ ഇല്ലായ്മകളും സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും വാതിലിലൂടെ അവർ പങ്കുവച്ചു. എന്നാൽ വർത്തമാനക്കാലത്ത് മനുഷ്യൻ അവനിലേക്ക് തന്നെ ചുരുങ്ങുകയും സ്വന്തം സുഖസൗകര്യങ്ങൾ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു.*

*കുടുംബ ബന്ധങ്ങളിൽ സംഭവിക്കുന്ന വിള്ളലുകൾ.എല്ലാ സുഖസൗകര്യങ്ങളും ഒരു ബട്ടൻ അമർത്തുമ്പോൾ ലഭിക്കുന്ന തരത്തിൽ നവലോകം മാറുമ്പോൾ ആധുനിക സാങ്കേതിക വിദ്യകൾ കൂടും കൂട്ടുവുമില്ലാതെ ഒറ്റപ്പെട്ട മുറികളിൽ അവനെ തളച്ചിടുമ്പോൾ മാനവികതയുടെ (മനുഷ്യത്വത്തിന്റെ) വെൺമ അവന് അന്യമായിക്കൊണ്ടിരിക്കുന്നു. തനിക്ക് ചുറ്റുമുള്ളവരെ കണ്ടിട്ടും കാണാതെ ജീവിക്കുന്നു.*

*നന്മ, കരുണ, സ്നേഹം എന്നീ ആർദ്ര ഭാവങ്ങൾ യാ്ത്രികതയുടെ ചൂടിൽ വറ്റി വരളുന്നു.മനുഷ്യവർഗത്തെ സർവനാശത്തിലേക്ക് നയിക്കുന്ന ഈ പ്രവണത പുതുതലമുറ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.*
*അച്ഛനമ്മമാരേയും സഹോദരങ്ങളെയും സ്നേഹിക്കാനും സഹായിക്കാനുംസംരക്ഷിക്കാനുമുള്ള ഒരു മനസ്സ് പുതുതലമുറയിൽ രൂപപ്പെടേണ്ടതുണ്ട്. സ്വജനത്തെ പോലെ സമൂഹത്തെയും പ്രകൃതിയേയും സ്നേഹിക്കാൻ കഴിയണം.*

- *വേരുകൾ! (മിനിക്കഥ ) --- ഡി.വിനയചന്ദ്രൻ*
- *പ്രവേശക പ്രവർത്തനം*
- വൃക്ഷങ്ങൾക്ക് വെള്ളവും വളവും മറ്റു ലവണങ്ങളും വലിച്ചെടുക്കാൻ വേരുകൾ വേണം.
- തായ് വേരുകൾ വൃക്ഷത്തെ മണ്ണിനോടൊപ്പം താങ്ങി നിർത്തുന്നു.
- ഈ ബന്ധം അറ്റുപോകുമ്പോൾ എത്ര വലിയ വൃക്ഷവും കടപുഴകി വീഴും
- മൻഷ്യന്റെ നിലനിൽപ്പ് - അതും ഈ അമ്മയായ ഭൂമി തന്നെ.
- സർവചരാചരങ്ങൾക്കും അമ്മയായ ഭൂമി.
- അമ്മയുടെ ഗർഭപാത്രത്തിൽ മുളയെടുത്ത് ഭൂമിയിൽ ജനിച്ച് ബന്ധങ്ങൾ തീർക്കുന്ന മനുഷ്യർ.
- പരസ്പരസ്നേഹം, വിശ്വാസം, സഹവർത്തിത്വം എന്നിവയിൽ അധിഷ്ഠിതമായാണ് മനുഷ്യ ജീവിതം പടർന്ന് പന്തലിക്കുന്നത്.
- തായവേര് നഷ്ടപ്പെടുമ്പോൾ ഏത് വലിയ വൃക്ഷവും നിലം പതിക്കും.
- 'തായ'- അമ്മ എന്നും അർത്ഥം.അമ്മയോടുള്ള മക്കളുടെ സ്നേഹത്തിനു വിള്ളൽ സംഭവിക്കുമ്പോൾ നമ്മുടെ നിലനിൽപ്പും അപകടത്തിലാകും.
- മണ്ണിൽ എത്രത്തോളം ആഴത്തിൽ വൃക്ഷം വേരുന്നുന്നുവോ അത്രത്തോളംഅത് പടർന്ന്പന്തലിക്കുന്നു.
- അതുപോലെ പരസ്പരസ്നേഹത്തിലും വിശ്വാസത്തിലും സഹവർത്തിലുമാണ് മനുഷ്യ ജീവിതവും പടർന്ന് പന്തലിക്കുന്നത്.

'

- **വേരുകൾ അർഥസാധ്യതകൾ**
  - *സ്നേഹം*
  - *സഹകരണം*
  - *വിശ്വാസം*
  - *ദയ*
  - *കാരുണ്യം*
  - *സഹവർത്തിത്വം*
  - *ജീവിതത്തെ മുന്നോട്ടുനയിക്കുന്നത്*
  - *ജീവിതത്തെ ദൃഢവും പവിത്രവുമാക്കുന്നത്*
  - *ജീവിതം പടർന്ന് പന്തലിക്കുന്നത്*
  - *ജീവിതം കെട്ടിപ്പടുക്കാൻ പ്രേരിപ്പിക്കുന്നത്*




---




തയ്യാറാക്കിയത് :

**സുരേഷ് അരീക്കോട് (9562521509)**

MA( malayalam )MA ( English )MA( Journalism )
HST ( malayalam)GHSS Areekode,Malappuram